# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പ്രമാടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്സ്എപിറ്റിഎ പി9/ 1120/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പ്രമാടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്സ്എപിറ്റിഎ പി9/ 1120/2023 തീയ്യതി: 22/11/2023

## പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജികുമാർ കെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നവനിത്ത് എൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സന്ദീപ് ജേക്കബ്ബ് | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീമതി അനിതകുമാരി ഐ. | സെക്രട്ടറി | 08-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഷീന ഗ്രേസ് കോശി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ. നുജ കരുണേഷ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ഷെറിൻ ജോസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2022 | 04-05-2022 |
| ഡോ. നയന എസ്. | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 22-05-2022 | 31-03-2023 |
| ശ്രീ രഞ്ജിത്ത് കുമാർ എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-10-2022 |
| ശ്രീ ഷിബിൻ ഷാജ് | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |
| ശ്രീ ഹനീഫ എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി ബിന്ദു റ്റി.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-07-2022 | 15-09-2022 |
| ശ്രീ സന്ദേശ് സ്റ്റാലിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27-07-2022 | 31-03-2023 |
| ശ്രീ ജിജി ഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി നീതു ഷാരോൺ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീമതി മിനി ജി. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി നീതു കൃഷ്ണ | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സജിതാ സത്യൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി എൻ.ഡി. വൽസല | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ ആർ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ സുബിൻ എസ്സ് ജെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 25-09-2022 |
| ശ്രീമതി രചന വി | അസിസ്റ്റന്റ് എൻജിനീയർ | 26-09-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല | 1-1-9 |
| 11 | വാടക-രജിസ്റ്റർ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | നികുതി ഓഡിററ്-വിശദാംശങ്ങൾ | 1-11 |
| 23 | തൊഴിൽ നികുതി-പിരിവ് ഊർജ്ജിതമാക്കണം. | 1-12 |
| 24 | വാടക സംബന്ധിച്ച അപാകതകൾ. | 1-13 |
| 25 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-14 |

| | | |
|---|---|---|
| 26 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. | 1-15 |
| 27 | വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഈടാക്കുവാനുണ്ട്. | 1-16 |
| 28 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-17 |
| 29 | തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ-ആവശ്യകത നിർണ്ണയിച്ചിട്ടില്ല | 1-18 |
| 30 | പ്രമാടം കുടിവെള്ള പദ്ധതിയ്ക്ക് പ്യൂരിഫയർ സ്ഥാപിക്കൽ-കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ഫീസിബിലിറ്റി ലഭ്യമായിട്ടില്ല | 1-19 |
| 31 | ലൈഫ് ഭവനപദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 1-20 |
| 32 | 2.38 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 1-21 |
| 33 | മരുന്ന് വാങ്ങൽ- തുടർ നടപടി സ്വീകരിക്കണം. | 1-22 |
| 34 | ഹോമിയോ മരുന്നു വാങ്ങ**ൽ** - മരുന്നുക**ൾ** പൂ**ർ**ണ്ണമായും ലഭ്യമായിട്ടില്ല. | 1-23 |
| 35 | കരാർ ജീവനക്കാരുടെ നിയമന, സേവന രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-24 |
| 36 | മേൽക്കൂരയില്ലാതെ കഫേറ്റീരിയ | 1-25 |
| 37 | കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല -തുടർ നടപടികൾ സ്വീകരിച്ചില്ല | 1-26 |
| 38 | മുൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-27 |
| 39 | അഗതി രഹിത കേരളം പദ്ധതി | 1-28 |
| 40 | എസ്സ്.എസ്സ്.എ -യ്ക്ക് വിഹിതം നൽകൽ - വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-29 |
| 41 | സ്കൂളി**ൽ** സ്ഥാപിച്ച കളി ഉപകരണങ്ങൾ പൊളിച്ചു മാറ്റി - പുന: സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-30 |
| 42 | വെറ്ററിനറി സ**ർ**ജ**ൻ** നി**ർ**വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-31 |
| 43 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - കട്ടിലുകൾ വിതരണം ചെയ്തില്ല | 1-32 |
| 44 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ റീടെൻഷൻ തുക മടക്കി നൽകി | 1-33 |
| 45 | മരണപ്പെട്ട ഗുണഭോക്താവിന് പെൻഷൻ വിതരണം തുടരുന്നു | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറിയിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട | ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി : 22.11.2023 | ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട |

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും (പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ) വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്താതെ സാമ്പത്തിക വർഷാവസാനം ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു.

### 1-1-5 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- ലെഡ്ജർ ബാലൻസായി 967,600 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-6 തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ് എന്നിവ സംബന്ധിച്ച് MGNREGS ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-9 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല

SBI E Payment Account-67396844208-ൽ ഗ്രാമപഞ്ചായത്തിന് കളക്ഷൻ വരേണ്ടുന്ന 19,260 രൂപയുടെ ചെക്കുകൾ കളക്ഷനാകാതെ അവശേഷിക്കുന്നു. 25.04.2022 മുതൽ 27.03.2023 വരെ കാലയളവിലെ ചെക്കുകൾ ഇത്തരത്തിൽ കളക്ഷൻ ആകാതെ അവശേഷിക്കുന്നു.

### 1-1-10 വാടക-രജിസ്റ്റർ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സ് വാടകയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-11 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.03.2022 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2,26,45,926 രൂപ മുന്നിരിപ്പും 25,31,12,350 രൂപ പ്രതീക്ഷിത വരവും 27,17,90,875 രൂപ പ്രതീക്ഷിത ചെലവും 39,67,401 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 10.03.2023 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പേമെന്റ് | ഇൻകം & എക്സ്പൻഡിച്ചർ |
|---|---|---|
| മുന്നിരിപ്പ് | 26644198 | |
| വരവ് | 65727186 | 192,131,869 |
| ആകെ | 92371384 | |
| ചെലവ് | 59400024 | 182,443,369 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 32971360 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായത്/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 23234000 | 23234000 | 21994255 | 1239745 |
| വികസനഫണ്ട്-എസ്.സി.പി | 0 | 11099000 | 11099000 | 9999563 | 1100437 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 406000 | 406000 | 303493 | 102507 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 14968000 | 14968000 | 11764463 | 3203537 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 7188000 | 7188000 | 5001846 | 2186154 |
| സി.എഫ്.സി-ടൈഡ് | 3824500 | 6060000 | 9884500 | 4495270 | 5389230 |
| സി.എഫ്.സി-അൺ ടൈഡ് | 886467 | 4314996 | 5201463 | 3441421 | 1760042 |
| സി.എഫ്.സി-ട്രഷറി | 0 | 2897766 | 2897766 | 688205 | 2209561 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് സ്രോതസ്സിൽ കുറവുചെയ്ത തുക വരവിൽ (അലോട്ട്മെന്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസനഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1750000 |
| വികസനഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 1357876 |
| വികസനഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 1411463 |
| വികസനഫണ്ട്-ടി.എസ്.പി | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 14666 |

കേന്ദ്രാവിഷ്കൃത /സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 961648 | 1574440 | 2536088 | 0 | 2536088 |
| ശുചിത്വ മിഷൻ | 634189 | 265062 | 899251 | 265062 | 634189 |
| സാക്ഷരത | 2997 | 0 | 2997 | 0 | 2997 |
| ഹെൽത്ത് ഗ്രാന്റ് | 0 | 459327 | 459327 | 0 | 459327 |
| MGNREGS | 353 | 39670810 | 39671163 | 39671163 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 259 | 173341857 | 188 | 73608880 | 0 | 71 | 72.5 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 37350897 | 37350897 | 37350897 | 0 |
| ഭരണച്ചെലവ് | 353 | 2319913 | 2320266 | 2320266 | 0 |
| ആകെ | 353 | 39670810 | 39671163 | 39671163 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 383 | 4,519,200 |
| വിധവാ പെൻഷൻ | 1572 | 17,200,600 |
| വാർദ്ധക്യകാല പെൻഷൻ | 3093 | 32,091,400 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 407 | 4,596,500 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 106,600 |
| തൊഴിൽരഹിത വേതനം | 1 | 1440 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2023തീയതിയിൽ2.34 P.m.ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,135/-(ഇരുപത്തി അയ്യായിരത്തി ഒരുന്നൂറ്റി മുപ്പത്തി അഞ്ചു രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസവും പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനത്തിന്റെ കൃത്യത ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററുകളുമായി ഒത്തുനോക്കി പരിശോധിക്കുന്നുണ്ട്. താരതമ്യേന ഉയർന്ന ജനസംഖ്യയും കൂടുതൽ വിസ്തൃതിയുമുള്ള പഞ്ചായത്തിൽ സ്റ്റാഫിന്റെ എണ്ണം കുറവാണെന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നികുതി, നികുതിയേതര വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച വിവിധ ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. ബി-ഫണ്ട് ചെലവുകൾ, പദ്ധതി നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.07.2022 | 01/2022 മുതൽ 03/2022 വരെ | 13.07.2022 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 06.08.2017 | 2012-13 മുതൽ 2016-17 വരെ | 18.09.2017 |

## 1-11 നികുതി ഓഡിററ്-വിശദാംശങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ തനത് വരുമാനം പ്രധാനമായും ലഭിക്കുന്നത് നികുതി നികുതിയേതര വരവുകളിൽ നിന്നാണ്. സാമാന്യം ഭേദപ്പെട്ട രീതിയിൽ തനത് വരുമാന സ്രോതസുകൾ ഗ്രാമപഞ്ചായത്തിനുണ്ടെങ്കിലും ഇവ ഫലപ്രദമായി സ്വരൂപിക്കുന്നില്ല.നികുതി നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭരണസമിതിയും സെക്രട്ടറിയും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ. പ്രധാന വരുമാന സ്രോതസ്സുകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വസ്തു നികുതി

സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു നിരക്ക് 24.06.23ൽ തയ്യാറാക്കി കരട് വിജ്ഞാപനം തയ്യാറാക്കിയെങ്കിലും 01.04.2023 ലെ വസ്തു നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി - നടപ്പാക്കുവാനുള്ള തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടില്ല.

ILGMS വരവ് ,സഞ്ചയവസ്തു നികുതി കണക്കുകളുമായി ലിങ്കു ചെയ്തിട്ടുണ്ടെങ്കിലും സാങ്കേതിത കാരണങ്ങളാൽ പൊരുത്തക്കേടുകൾ സംഭവിക്കുന്നുണ്ട്. വസ്തു നികുതി രജിസ്റ്ററുകളിലെയും സോഫ്റ്റ് വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിലും പൊരുത്തക്കേടുണ്ട്. നിലവിൽ വസ്തു നികുതി സംബന്ധമായ ഡാറ്റ- പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തിട്ടില്ല.2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

വസ്തു നികുതി കുടിശ്ശിക (സഞ്ചയ പ്രകാരം)

ഗ്രാമപ്പഞ്ചായത്തിലെ പ്രധാന തനതു വരുമാന മാർഗ്ഗമായ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. വസ്തു നികുതി കണക്കുകളുമായി ബന്ധപ്പെട്ട് സഞ്ചയയും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 2018-19 മുതലുള്ള വസ്തുനികുതിയുടെ പിരിവ് ഇപ്രകാരമാണ്.

| വർഷം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|
| 2018-19 | 5409166 | 2981693 | 55.12% |
| 2019-20 | 5783902 | 3831444 | 66.24% |
| 2020-21 | 5009752 | 2829231 | 56.47% |
| 2021-22 | 6000939 | 4043623 | 67.38% |
| 2022-23 | 5019473 | 4415190 | 87.96% |

വസ്തുനികുതിയുടെ പിരിവ് ശതമാനം കുറവാണ്. വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്ത് കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.37%നിരക്കിൽ സേവന ഉപനികുതി ചുമത്തുന്നുണ്ട്.പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈടാക്കുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചു വരുന്നില്ല. അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തുക.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ UA രജിസ്റ്റർ പ്രകാരം 11 കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നുണ്ട്. ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള

അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്യാത്തതു മൂലം വരുമാന നഷ്ടമുണ്ടാകുന്നു. സഞ്ചയയുമായി രജിസ്റ്ററിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ള കുടിശ്ശിക ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നികുതി ഇനത്തിന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തതിൻ പ്രകാരം വേക്കൻസി റമിഷൻ എന്ന ഇനത്തിൽ സ്ഥിരമായി വളരെ കുറച്ച് കെട്ടിടങ്ങൾ മാത്രമേ ഒഴിവാക്കപ്പെടുന്നുള്ളു.ഓൺലൈൻ-പേയ്മെന്റ് സംവിധാനം തുടങ്ങിയിട്ടേയുള്ളൂ. ചില അവസരങ്ങളിൽ തുക ക്രെഡിററാവാൻ താമസം വരുന്നുണ്ട്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് നികുതി വരുമാനമാണ് തൊഴിൽനികുതി.സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവരിൽ നിന്ന് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും,ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷംസ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി കളക്ഷൻ 100 % എത്തിക്കുന്നതിലേക്കായി നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. .

വിനോദ നികുതി

16 ാം വാർഡിലെ നെടുമ്പാറ വിനോദ സഞ്ചാരത്തിന് പ്രാധാന്യമുള്ള സ്ഥലമാണ്. ടി സ്ഥലം ,റവന്യൂ പുറമ്പോക്ക് ആയതിനാൽ ബഹു. MLAമുഖാന്തിരം ടൂറിസം കേന്ദ്രമാക്കുന്നതിനായി ഗവൺമെന്റിലേക്ക് ശുപാർശ പോയിട്ടുള്ളതാണെന്നത് സ്വാഗതാർഹമാണ്. വിനോദ സഞ്ചാരത്തിലധിഷ്ഠിതമായി വരുമാനമുണ്ടായേക്കാവുന്ന വികസന പ്രവർത്തനങ്ങൾ നടത്തി വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

ലൈസൻസ്

കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതുമൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. ലൈസൻസ് എടുക്കുന്നവരുടെ ഡേറ്റാ ബേസ് തയ്യാറാക്കേണ്ടതും ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിനെ ആധാരമാക്കി ഫീസ് നിർണ്ണയിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാടക

രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. അവശേഷിക്കുന്ന വാടക ഈടാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ലേലം

ആസ്തി രജിസ്റ്ററും ലേല രജിസ്റ്ററും പൊരുത്തപ്പെടുത്തി സ്ഥാപനത്തിലെ കടമുറികൾ, ഫലവൃക്ഷങ്ങൾ കാലഹരണപ്പെട്ട ആസ്തികളായ ഇ-വേയ്സ്റ്റുകൾതുടങ്ങിയവ യഥാസമയം ലേലം ചെയ്യുന്നുണ്ട്.

നികുതി പിരിവു സംബന്ധിച്ച് കാര്യമായ അവലോകനങ്ങൾ നടത്തുവാനും എല്ലാ നികുതി പിരിവും 100% ആക്കുന്നതിനുവേണ്ട ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുന്നതിനും,ബജററിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും സാമ്പത്തിക വർഷാവസാനത്തിൽ കുടിശ്ശിക അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-പിരിവ് ഊർജ്ജിതമാക്കണം.

പഞ്ചായത്ത് രാജ് നിയമം 204ാം - വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ 2022-23വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2022-23 വർഷത്തിൽ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1. മാവേലി സ്റ്റോർ.(വാർഡ്-15)

2. ജനസേവന കേന്ദ്രം(വാർഡ്-11)

11. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 22-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ഷൈജു മാത്യു.

2. സതീഷ് .ററി.എസ്.

3. പി.ജെ.കുര്യൻ.

4. ബിനു സണ്ണി.

5. പ്രശാന്തകുമാർ.പി.ജി.

6. വി.സി.രാജു.

7. കിഷോർ പി. ദിവാകർ.

8. നിർമ്മലാ പ്രദീപ്.

9. സിനിത്ത് വി.

10. സജി പി. ജോർജ്ജ്പി.

11. പ്രസാദ്. സി.എസ്.

12. സുനിൽ കോശി.

13. സതീഷ് കുമാർ.

14. റോയ് ജോസഫ്.

15. ടിനു ജോസ്.

111. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ നിരവധി സ്ഥാപനങ്ങളിൽ ജീവനക്കാർ ദിവസ / മാസ ശമ്പളത്തിന് ജോലിയിലേർപ്പെട്ടിരിക്കുന്നതായി, 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകളിൽ സ്ഥാപന ഉടമകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽനിന്ന് നിയമാനുസൃതമായി ഈടാക്കേണ്ട തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | വാർഡ് |
|---|---|---|---|
| 1 | അശ്വതീ ഇൻഡസ്ട്രീസ് | 5 | 19 |
| 2 | M.K.L. ഇൻഡസ്ട്രീസ് | 5 | 14 |
| 3 | പോപ്പുലർ ഹ്യുണ്ടായ് | 10 | 2 |
| 4 | J.K.ഇൻഡസ്ട്രീസ് | 10 | 1 |
| 5 | പോപ്പുലർമെഗാ മോട്ടോഴ്സ്.Pvt .Ltd. | 32 | 3 |
| 6 | (ജി.രാജീവൻ).പാറഖനനം | 4 | 12 |
| 7 | CASA MIA The Family Cafe | 3 | 1 |
| 8 | അനുഗ്രഹ എൻറർ പ്രൈസസ് | 3 | 9 |
| 9 | M.G.S.വുഡ്സ് | 2 | 1 |
| 10 | വടക്കേചരുവിൽ സോമിൽ | 2 | 7 |
| 11 | (K.സദാനന്ദൻ ), പാറമട | 4 | |
| 12 | കൊച്ചുമുറിയിൽ ടിംബേഴ്സ്. | 3 | 3 |

ഇത്തരത്തിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റ ബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വാടക സംബന്ധിച്ച അപാകതകൾ.

വകയാർ ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ച് കടമുറികൾ, വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സിലെ ഏഴ് കടമുറികൾ, പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സിലെ പതിമൂന്ന് കടമുറികളും എട്ട് സ്റ്റാളുകളും, വകയാറിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ ഏഴ് കടമുറികൾ എന്നിവയാണ് നിലവിൽ ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കിയത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടകക്കുടിശ്ശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വി.കോട്ടയം, പൂങ്കാവ് എന്നീ സ്ഥലങ്ങളിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല.വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാടകക്കാരന്റെ വിലാസം | കെട്ടിടത്തിന്റെ വിവരം | വാടക ഈടാക്കാനുള്ള കാലയളവ്. | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ശ്രീമതി ലിസ്സി ജോഷ്വാ, മരുതിമൂട്ടിൽ | പൂങ്കാവ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നാം നമ്പർ മുറി | 4/2019മുതൽ1 /2023വരെ. | 555364 |
| 2. | മനോജ്.കെ.പി. കുളിക്കുന്ന പാറയിൽ, വി. കോട്ടയം. | വി.കോട്ടയം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഏഴാം നമ്പർ മുറി | 1/21 ഉം 4/21മുതൽ 7/22 വരെയും | 32729 |
| | | | ആകെ | 588093 |

2.വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ A.F.S.പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

വാടക സംക്ഷിപ്തം

| ഇനം | | A.F.S.പ്രകാരം. | രജിസ്ററർ പ്രകാരം. |
|---|---|---|---|
| ഡിമാൻറ്. | കുടിശിക | 611412 | 454861 |
| | തൻ വർഷം | 781746 | 1077451 |
| കളക്ഷൻ. | കുടിശിക | 103002 | 16637 |
| | തൻ വർഷം | 562038 | 700247 |
| ബാലൻസ്. | കുടിശിക | 508410 | 438224 |
| | തൻ വർഷം | 219708 | 377204 |

3. ഒഴിഞ്ഞു കിടക്കുന്ന വകയാർ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നംപർ-3.പൂങ്കാവ് ജംഗ്ഷനിലുള്ള 6,8 സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക ഈടാക്കുന്നതിന് സമയോചിതമായി ഇടപെട്ട് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കിയെടുക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(1) റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ ഒരെണ്ണം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. അവശേഷിക്കുന്ന 18 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2) ചുവടെ ചേർത്തിട്ടുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്യുന്നില്ല .

1. പ്രമാടം ക്ഷീരോല്പാദക സഹകരണ സംഘം .

2. വകയാർ ക്ഷീരോല്പാദക സഹകരണ സംഘം.

3. വി.കോട്ടയം ക്ഷീരോല്പാദക സഹകരണ സംഘം.

4. ഇളകൊള്ളൂർ ക്ഷീരോല്പാദക സഹകരണ സംഘം.

ക്ഷീരോല്പാദക സഹകരണ സംഘങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ )1997ചട്ടം പ്രകാരമുള്ള രജിസ്ട്രേഷൻ ചട്ടം പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ. നം. | സ്ഥാപന ഉടമയുടെ വിവരം | സ്ഥാപനത്തിന്റെ വിവരങ്ങൾ. | വാർഡ് നം. |
|---|---|---|---|
| 1 | ബിനു കെ തോമസ്. | മെഡിക്കൽ ലബോറട്ടറി | 18 |
| 2 | Dr.സുശീലൻ.സി. | ലൈഫ് കെയർ ഹോസ്പിററൽ | 18 |
| 3 | Dr.സൂസൻ. പി. ജോൺ | ആയുർവ്വേദ ഹോസ്പിററൽ | 5 |
| 4 | നീതു കൃഷ്ണ.സി. | ആയുർവേദ ഹോസ്പിററൽ | 2 |
| 5 | Dr.ജോഷി ചെറിയാൻ. | മേരീമാതാ മെഡിക്കൽ സെൻറർ. | 1 |
| 6 | വിഷ്ണു.പി.വി. | മെഡിക്കൽ ലാബ്. | 18 |
| 7 | വീണ.പി.വി. | മെഡിക്കൽ ലാബ്. | 16 |
| 8 | അരുൺ.എസ്. ശാമുവേൽ. | ഇൻ സൈററ് ദി ഹീലിംഗ് മിഷൻ ഹോസ്പിററൽ. | 5 |
| 9 | സുപ്രിയ.പി. | ജീവൻധാര ആയുർവ്വേദ ഹോസ്പിററൽ | 6 |
| 10 | Dr.ശീർഷാ ദാസ്. | രുദ്രം ആയുർവേദ ക്ളിനിക്ക്. | 5 |
| 11 | വിനു തോമസ്. | Rose N HEAL<br>Physio Therapy Clinic | 3 |

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാപാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഈടാക്കുവാനുണ്ട്.

വസ്തു നികുതി ദീർഘകാലം കുടിശ്ശിക ഉള്ള കെട്ടിടങ്ങളുടെ വിവരം (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക (2022-23 വർഷം പിരിച്ചെടുക്കാനുള്ളത് ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 1 | 386 | ഫാ.ആൻറണി, മണിയങ്ങാട്ട്.<br>സീറോ മലബാർ സഭ,<br>കാഞ്ഞിരപ്പള്ളി. | 10356 |
| 2 | 1 | 622 G<br>622 H<br>622 I<br>622 J | സെക്രട്ടറി,<br>S.N.D.P.ബ്രാഞ്ച് നം-361<br>പ്രമാടം. | 6234<br>13827<br>23443<br>22056 |

| | | | | |
|---|---|---|---|---|
| 3 | 4 | 162 | സൈമൺ.കെ.ജോഷ്വാ, കിഴക്കേ പറമ്പിൽ, ഇളകൊള്ളൂർ. | 6042 |
| 4 | 5 | 7 | ചന്ദ്രമോഹൻ വി.എസ്. വലിയ കാലായിൽ, തെങ്ങും കാവ്. | 5235 |
| 5 | 6 | 254 | P.R. രാജേന്ദ്രൻ നായർ, പൊന്നിട്ട പടിഞ്ഞാറേതിൽ | 8630 |
| 6 | 10 | 128 | വില്ലേജ് ഓഫീസ്, വി.കോട്ടയം. | 7252 |
| 7 | 10 | 507 | സന്തോഷ് പി.എൻ. തീർത്ഥം, വകയാർ. | 15033 |
| 8 | 11 | 217A | ജോയിമോൻ.കെ.വി. വാല്യ പുരയിടത്തിൽ വീട്. വകയാർ. | 19052 |
| 9 | 12 | 308(A)<br>308(B) | അബ്ദുൾ റഷീദ്, പാറയ്ക്കൽ പുത്തൻ വീട്, വകയാർ. | 3464<br>2111 |
| 10 | 15 | 496(C) | B.S.N.L.എഞ്ചിനീയർ, ടെലഗ്രാഫ്സ്, കോന്നി. | 44370 |
| 11 | 16 | 186A | സബ് ഡിവിഷണൽ എഞ്ചിനീയർ, B.S.N.L. പത്തനംതിട്ട. | 26811 |
| 12 | 17 | 142 | സബ് ഡിവിഷണൽ എഞ്ചിനീയർ, B.S.N.L. | 38340 |
| | | | ആകെ | 2,52,256 |

കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഓഡിറ്റ് വർഷം 134530 രൂപ അടവാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽ ടവ്വറിന്റെ വിവരങ്ങൾ | വസ്തു നികുതി തുക |
|---|---|---|
| 1 | 6/442/A, റിലയൻസ് ടവ്വർ | 6228 |
| 2 | 8/200/C,SUMIT DIGITAL NFRA STRUCTURE PVT LTD | 18421 |
| 3 | 15/496/C, ബി.എസ്.എൻ.എൽ | 44730 |
| 4 | 16/186/A, ബി.എസ്.എൻ.എൽ. | 26811 |
| 5 | 17/142, ബി.എസ്.എൻ.എൽ. | 38340 |
| | | 134530 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് മെയിന്റനൻസിന് ഉപകരണങ്ങൾ വാങ്ങൽ-ആവശ്യകത നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ ഭാഗമായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് നം. 01/23 പ്രകാരം 9,62,688 രൂപയും (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) അവയുടെ മെയിന്റനൻസിനായി പ്രോജക്ട് നം. 10/23 പ്രകാരം 3,32,222 രൂപയും (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങൽ, മെയിന്റനൻസ് എന്നീ പ്രവൃത്തികൾ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയപ്പോൾ അവയുടെ എണ്ണം നിശ്ചയിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ ആകെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത് എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമല്ല. വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ആവശ്യകത നിർണ്ണയിക്കുക എന്നത് പ്രൊക്യൂർമെന്റ് പ്ലാനിന്റെ പ്രധാന ഘടകമാണ്. ആയതിന്റെ അഭാവത്തിലാണ് ഇവിടെ തെരുവ് വിളക്ക് ഉപകരണങ്ങൾ സമാഹരിച്ചിട്ടുള്ളത്. ഭാവിയിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുമ്പോൾ ടി അപാകത പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രമാടം കുടിവെള്ള പദ്ധതിയ്ക്ക് പ്യൂരിഫയർ സ്ഥാപിക്കൽ-കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ഫീസിബിലിറ്റി ലഭ്യമായിട്ടില്ല

പ്രമാടം കുടിവെള്ള പദ്ധതിയ്ക്കായി പ്യൂരിഫയർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയുടെ (നം. 02/23) ഭാഗമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 17,99,868 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 14.09.2022-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ആയതിന് 06.12.2022-ൽ വാട്ടർ അതോറിറ്റി നൽകിയ മറുപടിയിൽ, പ്യൂരിഫയർ സ്ഥാപിക്കുന്നതിന് ടാങ്കിന് സമീപം അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ പ്രമാടം കുടിവെള്ള പദ്ധതിയുടെ പൂർണ്ണതോതിലുള്ള വിപുലീകരണ പ്രവർത്തനങ്ങൾ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ശുദ്ധീകരണശാല ഉൾപ്പെടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ തുടങ്ങുന്നതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, നിലവിലുള്ള പദ്ധതിയുടെ പമ്പ് ഹൗസുകളുടെ പ്രവർത്തനങ്ങൾ ഉൾപ്പെടെ ഘട്ടം ഘട്ടമായി നിർത്തുന്നതിനാൽ ഈ പദ്ധതി നടപ്പിലാക്കുന്നത് സാങ്കേതികമായി ഉചിതമല്ലെന്നും അറിയിച്ചു. എന്നാൽ പിന്നീട് 13.12.2022-ൽ വാട്ടർ അതോറിറ്റി ടി പദ്ധതിയ്ക്കായുള്ള 17,99,868 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

പദ്ധതി നടപ്പിലാക്കുന്നത് സാങ്കേതികമായി ഉചിതമല്ലെന്ന അറിയിപ്പ് ലഭിച്ചതിന് ശേഷം തുക ഡെപ്പോസിറ്റ് ചെയ്യുവാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല. പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കിയെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായിരിക്കുകയില്ലെന്നുള്ള മുൻ നിലപാടിൽ വാട്ടർ അതോറിറ്റി നാളിതുവരെ മാറ്റം വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഡെപ്പോസിറ്റ് ചെയ്ത തുക തുടർ വർഷങ്ങളിലെ പ്രവൃത്തികൾക്കായി ക്രമീകരിക്കുകയോ അല്ലാത്തപക്ഷം തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് ഭവന നിർമ്മാണത്തിന് വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയിട്ടുള്ളവർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക | എഗ്രിമെന്റ് വെച്ച പദ്ധതി വർഷം |
|---|---|---|---|
| 1 | ശോഭന എൽ<br>വയലുംകരോട്ട്, മല്ലശ്ശേരി | 2,00,000 | 2021-22 |
| 2 | രാധിക<br>ചരിവുകാലായിൽ, ഇളപ്പുപാറ | 3,00,000 | 2021-22 |
| 3 | സുധീഷ് | 2,00,000 | 2021-22 |

| | | | |
|---|---|---|---|
| | സുധീഷ് ഭവനം, മല്ലശ്ശേരി | | |
| 4 | പ്രശാന്ത്<br>പന്തളശ്ശേരിൽ, മല്ലശ്ശേരി | 2,00,000 | 2021-22 |
| 5 | ബിന്ദു സത്യൻ<br>കാവുംമുറിയിൽ, വാർഡ് 8 | 2,00,000 | 2021-22 |
| 6 | മഞ്ജു<br>തുണ്ടിൽ പടിഞ്ഞാറ്റേതിൽ, വി.കോട്ടയം | 2,00,000 | 2021-22 |
| 7 | ഭാസ്കരൻ<br>മണലാടി തെക്കേക്കര, വാർഡ് 18 | 2,00,000 | 2021-22 |
| 8 | സുധീഷ് കുമാർ<br>മോടിയിൽ, വാർഡ് 18 | 40,000 | 2021-22 |
| 9 | ശ്രീഷിബു<br>ചരിവുകാലായിൽ, മല്ലശ്ശേരി | 3,00,000 | 2020-21 |
| 10 | സുധ കെ.കെ<br>കീഴേത്ത് വീട്, മല്ലശ്ശേരി | 3,00,000 | 2020-21 |
| 11 | അശ്വതി രഘു<br>അശ്വതി ഭവൻ, മല്ലശ്ശേരി | 3,00,000 | 2020-21 |
| 12 | ജയൻ<br>കാലായിൽ തെക്കേതിൽ, വാർഡ് 18 | 3,00,000 | 2020-21 |
| 13 | സുധ<br>കോട്ടൂർ പുതുവേലിൽ, തെങ്ങുംകാവ് | 3,00,000 | 2020-21 |
| 14 | അമ്മിണി<br>തടത്തിൽ കോളനി, എഴുമൺ | 40,000 | 2020-21 |
| 15 | മണിയൻ<br>ഒറ്റക്കാവിനാൽ, ഇളപ്പുപാറ | 3,00,000 | 2020-21 |
| 16 | ജാനകി<br>ചെമ്പിപ്പറമ്പിൽ, വി.കോട്ടയം | 2,00,000 | 2020-21 |
| 17 | രോഹിണി<br>തട്ടക്കുന്നിൽ, ഞക്കുനിലം | 3,00,000 | 2020-21 |
| 18 | ബിനു തങ്കപ്പൻ<br>പുളിക്കക്കോട്ടിൽ, മല്ലശ്ശേരി | 2,00,000 | 2020-21 |
| 19 | കല്ല്യാണി<br>നെല്ലിക്കുഴി മുരുപ്പേൽ, ഇളപ്പുപാറ | 1,40,000 | 2020-21 |

ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള സാഹചര്യം വിലയിരുത്തേണ്ടതും പദ്ധതി പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉചിതമായ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-21 2.38 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

വിവിധ ആസ്തികൾ സൃഷ്ടിക്കുന്നതിനായി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 1,04,80,008 രൂപയുടേയും കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 1,31,54,487 രൂപയുടേയും ഭൂജല വകുപ്പിൽ

ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 1,89,898 രൂപയുടേയും അടക്കം ആകെ 2,38,24,393 രൂപയുടെ നിക്ഷേപ പ്രവൃത്തികൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ടി വിവരം ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളിൽ നിന്ന് ശേഖരിച്ച് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളിൽ നിലവിൽ ഫീസിബിളില്ലാത്തത് റദ്ദാക്കി നിക്ഷേപത്തുക തിരികെ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നതിനുള്ള അടിസ്ഥാന രേഖയായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ യഥാസമയം കൃത്യമായ രേഖപ്പെടുത്തൽ നടത്തി പരിപാലിക്കാതിരുന്നത് ടി കാലയളവിലെ അക്കൗണ്ടന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചയാണ്. കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 മരുന്ന് വാങ്ങൽ- തുടർ നടപടി സ്വീകരിക്കണം.

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 4/23സാന്ത്വന പരിചരണം- മരുന്നുകളും ഉപകരണങ്ങളുംവാങ്ങൽ | 350000<br>ബിൽ നമ്പർ-101 തീയതി-4.11.22 | PRF 1455 | 307841 | 42159 |
| | | | ആകെ തുക | 42159 |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഹോമിയോ മരുന്ന വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നേരിട്ട് നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ ( പ്രോജക്ട് നം - 17/22-23) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും അനുവദിച്ച 2,00,000 രൂപ( പി.എഫ്. 1062/22-23 തീയതി 23.12-22) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 1,84,862രൂപയുടെ മരുന്ന ലഭ്യമായിട്ടില്ല. അടിയന്തരമായി മരുന്ന ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 കരാർ ജീവനക്കാരുടെ നിയമന, സേവന രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം 30 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാർ സേവന പുസ്തകം സൂക്ഷിക്കുന്നില്ല. സേവന രേഖകൾ സൂക്ഷിക്കാത്തതിനാൽ സറണ്ടർ അനുവദിക്കുന്നതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കാതെ വരുന്നു. കരാർ ജീവനക്കാർക്ക് സേവന പുസ്തകം സൂക്ഷിക്കുന്നതും, നിയമനം, സേവന കാലയളവ്, ആർജ്ജിച്ച ആർജ്ജിത അവധി, സറണ്ടർ ചെയ്ത അവധി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതും ഉചിതമായിരിക്കും. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 മേൽക്കൂരയില്ലാതെ കഫേറ്റീരിയ

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 221/ 2022-23, പൂങ്കാവ് ടേക്ക് എ ബ്രേക്ക് പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| അടങ്കൽ | 400000 |
| ചെലവ്, തീയതി | 231410(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ), 31.03.2023 |
| കരാറുകാരൻ | നിർമ്മല പ്രദീപ് |

പൂങ്കാവ് ജംഗഷ്നിൽ ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റിന് അനുബന്ധമായി നിർമ്മിക്കുന്ന കഫേറ്റീരിയയുടെ സ്ട്രക്ച്ചർ ജോലികൾ ട്രസ്സ് വർക്കിനുള്ള അലൂമിനിയം ഫ്രെയിം ഉൾപ്പെടെ പൂർത്തീകരിച്ചെങ്കിലും റൂഫിംഗ് ചെയ്തിട്ടില്ല. കെട്ടിടത്തിൽക്കൂടി കടന്നു പോകുന്ന കെഎസ്സ് ഇ ബിയുടെ ഇലക്ട്രിക് സ്റ്റേ വയർ മാറ്റാതെയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. റൂഫിംഗ് ഇല്ലാത്തതിനാൽ കെട്ടിടം മഴയും വെയിലുമേറ്റ് നശിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത് സംബന്ധിച്ച് എൻക്വയറി(നം.24)നൽകിയതിന് സ്റ്റേ വയർ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഫീസ് കെ എസ്സ് ഇ ബിയിൽ അടവാക്കിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.



പ്രോജക്ടിന്റെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റേ വയർ നീക്കാതെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി അനുവദിച്ചതുമൂലം സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായിരുന്നു. പ്രോജക്ട് പ്രകാരം നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ നാളിതുവരെ ഇതിനായി ചെലവഴിച്ച തുക 231410 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല -തുടർ നടപടികൾ സ്വീകരിച്ചില്ല

2022-23 വർഷം അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ കരാറുകാരനായ ശ്രീ അലൻ എന്നയാൾ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി നടത്താൻ തയ്യാറാകാത്തതിനാൽ ടിയാളെ ഒഴിവാക്കുന്നതിനും കരാറുകാരൻ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും പഞ്ചായത്ത് കമ്മിറ്റി (തീരുമാന നമ്പർ-15/1 – തീയതി 21.12.2022) തീരുമാനിച്ചിരുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് |
|---|---|
| 1 | 65/23 – മലയകം റോഡ് റീ കോൺക്രീറ്റിംഗ് |
| 2 | 66/23 - ആർ സി പള്ളിപ്പടി - പാറവിള കോളനി റോഡ് പുനരുദ്ധാരണം |

സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.24) നൽകിയതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ കരാറുകാർക്കെതിരെ സ്വീകരിക്കേണ്ടതും ഡെപ്പോസിറ്റ് തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 മുൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

മുൻ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പാർട്ട് ബിൽ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 2022-23 വർഷം ടി പ്രോജക്റ്റുകൾ സ്പിൽ ഓവറായി

ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോ.നം., പ്രോജക്ടിന്റെ പേര് | അടങ്കൽ തുക (2022-23) | പാർട്ട് ബില്ലായി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 54/2023 മൂലപ്പറമ്പ് റോഡ് അറ്റകുറ്റപ്പണി | 83408 | 16592 (വികസന ഫണ്ട് - എസ്സ്. സി. പി) | 2020-21 വർഷം പാർട്ട് ബിൽ നൽകി. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. 2023-24 വർഷവും സ്പിൽ ഓവറായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. |
| 2 | 70/2023, പൂവള്ളി മുരുപ്പേൽ ശ്രീധരം പടി റോഡ് | 42326 | 149566 (സംരക്ഷണ ഗ്രാന്റ് (റോഡ്)) | 2021-22 വർഷം പാർട്ട് ബിൽ നൽകി. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. 2023-24 വർഷവും സ്പിൽ ഓവറായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. |
| 3 | 63/2023, പുത്തൂർ മുരുപ്പ് -പാറയടി റോഡ് പുനരുദ്ധാരണം | 109396 | 140604 (സംരക്ഷണ ഗ്രാന്റ് (റോഡ്)) | 2021-22 വർഷം പാർട്ട് ബിൽ നൽകി. സൈറ്റ് തർക്കം കാരണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 2023-24 വർഷവും സ്പിൽ ഓവറായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. |
| 4 | 274/2023നെല്ലിക്കുഴി മുരുപ്പ് എസ്സ്.സി. കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 288788 | 311212 (തനതു ഫണ്ട് ) | 2021-22 വർഷം പാർട്ട് ബിൽ നൽകി, 2019-20 വർഷം ആവിഷ്കരിച്ച ടി പ്രോജക്ട് നാളിതുവരെ പൂർത്തീകരിച്ചില്ല . 2023-24 വർഷവും സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം വാങ്ങിയിട്ടുണ്ട്. സൈറ്റ് ഡിസ്പ്യൂട്ട് കാരണമാണ് പ്രവൃത്തി നടക്കാതിരുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. |

പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 അഗതി രഹിത കേരളം പദ്ധതി

അഗതി രഹിത കേരളം പദ്ധതിക്കായി തദ്ദേശ സ്വയംഭരണ ( ഐ എ) വകുപ്, സർക്കാർ ഉത്തരവ്( എം എസ്) നമ്പർ 252/12-12-17 പ്രകാരം അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വിതരണം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ചികിത്സാ സഹായം, വസ്ത്രം, പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി, കുടിവെള്ളം ശുചിത്വ സംവിധാനം, തൊഴിൽ പരിശീലനം, തുടങ്ങിയ ഘടകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള യാതൊരു പദ്ധതികളും നടപ്പിലാക്കിയതായി കാണുന്നില്ല. ബാങ്ക് പാസ് ബുക്ക് പ്രകാരം 31/03/23 ൽ 2092756/- രൂപ ബാലൻസുണ്ട്.

2022-23 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായ ആശ്രയ പദ്ധതിക്ക് (പദ്ധതി നം. 148/23) 280,000/- രൂപ അടങ്കൽ വകയിരുത്തിയിരുന്നു. 30000 രൂപ ആശ്രയ പദ്ധതിയുടെ അക്കൗണ്ടിലേക്ക് 17/12/22

നൽകിയിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 117 ഗുണഭോക്താക്കൾക്ക് ഒരു പ്രാവശ്യം ഭക്ഷ്യ ധാന്യ കിറ്റ് നൽകിയതല്ലാതെ മറ്റൊരു പദ്ധതിയും നടപ്പിലാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.13/10.102023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് കാലാവധി കഴിഞ്ഞിട്ടും പ്രോജക്ടിൽ വിഭാവനം ചെയ്ത ഘടകങ്ങൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 എസ്സ്.എസ്സ്.എ -യ്ക്ക് വിഹിതം നൽകൽ - വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായ, SSA യ്ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയ്ക്ക് (പ്രോ.നം.246) 500000/- രൂപ നല്കിയിട്ടുണ്ട്. എസ്.എസ്.കെ. പ്രോജക്റ്റിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണത്തിന്റെ സ്ഥാപനത്തിന്റെ പൂർണ പങ്കാളിത്തത്തോടെ ആയിരിക്കണം. പദ്ധതി പൂർത്തിയാക്കുന്നതിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ, സമഗ്ര ശിക്ഷ കേരളം പദ്ധതിക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ തുടങ്ങിയ വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതാണ്. എസ്.എസ്.കെ. വിഹിതവും തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കേണ്ടതാണ്. ഒരു വിനിയോഗ സർട്ടിഫിക്കറ്റ് (ചെലവിന്റെ വിശദാംശങ്ങൾ ഉൾപെടുത്താതെ) ഹാജരാക്കി എന്നല്ലാതെ ഈ വിവരങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24 തീയതി- 13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല, വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 സ്കൂളിൽ സ്ഥാപിച്ച കളി ഉപകരണങ്ങൾ പൊളിച്ചു മാറ്റി - പുന: സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായ ശിശു സൗഹാർദ്ദ കളി ഉപകരണങ്ങൾ നിർമ്മിച്ചു നൽകൽ എന്ന പദ്ധതി പ്രകാരം (പദ്ധതി നമ്പർ 34, ചെലവ് 199359/) വാങ്ങിയ വിവിധ കളി ഉപകരണങ്ങൾ പ്രമാടം എൽ.പി. സ്കൂളിൽ സ്ഥാപിച്ചിരുന്നെങ്കിലും ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി, കളി ഉപകരണങ്ങൾ കരാറുകാരൻ പൊളിച്ചുമാറ്റി. എന്നാൽ കെട്ടിടം പണി പൂർത്തിയായ ശേഷം കളി ഉപകരണങ്ങൾ യഥാസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25 തീയതി 13.10.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

മുട്ടക്കോഴി വളർത്തൽ പദ്ധതി (നം 126) അടങ്കൽ – 604200/, ചെലവ് 569400/

കറവപശു വളർത്തൽ പദ്ധതി (നം 134) അടങ്കൽ- 1300000/, ചെലവ്,447500/

ബ്രോയിലർ യൂണിറ്റ്, പദ്ധതി (നം 251) അടങ്കൽ 105000/, ചെലവ് 40459/-

അപാകതകൾ

1. പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2. കറവ പശു വളർത്തൽ പദ്ധതി - മൂന്ന് വർഷമെങ്കിലും ഉരുക്കളെ വളർത്തണമെന്നുള്ള രീതിയിൽ ഗുണഭോക്താക്കൾ കരാർ വച്ചിട്ടില്ല.

3. കോഴി, പശു എന്നിവയെ വളർത്താനുള്ള ഷെഡ്, തൊഴുത്ത്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ നിർമ്മിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16.തീയതി 10.10.2023) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ നടപ്പിലാക്കുന്ന എല്ലാ പ്രോജക്ടുകളും നടപടിക്രമങ്ങൾ പാലിച്ചുമാത്രം നടപ്പിലാക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-32 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - കട്ടിലുകൾ വിതരണം ചെയ്തില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതി (അടങ്കൽ തുക 495900/-) ഇതുവരേയും നടപ്പിലാക്കിയിട്ടില്ല. അംഗീകാരം വാങ്ങിയിട്ടും ടി പദ്ധതി നടപ്പിലാക്കാതിരിക്കാനുള്ള കാരണം വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 23 തീയതി 12/10/2023) നൽകിയിരുന്നു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ മറുപടി പ്രകാരം ഈ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചതിനെ തുടർന്ന് ടെൻഡർ ക്ഷണിക്കുകയും, ഗോപിനാഥൻ, ഗോപി ഫർണിച്ചർ എന്നയാളുടെ സ്ഥാപനത്തിൽ നിന്നും, കട്ടിൽ ഒന്നിന് 2900/- രൂപ നിരക്കിൽ 171 കട്ടിലുകൾ വാങ്ങാൻ (30/1/23 ലെ 3/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) തീരുമാനിക്കുകയും അതിൻ പ്രകാരം കരാർ ഒപ്പിടുകയും ചെയ്തു. എന്നാൽ ഈ സ്ഥാപനം സമയബന്ധിതമായി കട്ടിലുകൾ സപ്ലൈ ചെയ്തിട്ടില്ല. അതുകൊണ്ടാണ് പ്രോജക്ട് നടപ്പിലാക്കാതിരുന്നതെന്നും 2023-24 വർഷത്തിൽ സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. എന്നാൽ ഈ സ്ഥാപനം 2023 മെയ് മാസത്തിൽ 60 കട്ടിലുകൾ സപ്ലൈ ചെയ്തെങ്കിലും ബാക്കിയുള്ള 111 കട്ടിലുകൾ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല. കരാറുകാരനുമായുള്ള കരാർ റദ്ദ് ചെയ്യുകയോ ഇയാൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ ലംഘിച്ച് പദ്ധതി നിർവഹണം അട്ടിമറിച്ച കരാറുകാരനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണവും പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ റീടെൻഷൻ തുക മടക്കി നൽകി

മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്നും ഈടാക്കുന്ന റീടെൻഷൻ തുകകൾ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുമ്പോഴും, റീടെൻഷൻ മടക്കി നൽകുമ്പോഴും, ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താതെ ചുവടെ ചേർക്കും പ്രകാരം 131368 രൂപ റീടെൻഷൻ ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ റീഫണ്ട് ചെയ്തു നൽകി.

| റീടെൻഷൻ തുക | റീഫണ്ടിന്റെ വിവരം ( ചെക്ക് നം./തീയതി) |
|---|---|
| 65684 | Cheque No : 6908038 , Dt. 10-06-2022 |
| 17904 | Cheque , No : 001425 , Dt. 08-02-2023 |
| 131368 | |

അസിസ്റ്റന്റ് എൻജിനീയർ നൽകുന്ന റിക്വിസിഷന്റെ അടിസ്ഥാനത്തിലാണ് തുകകൾ റീ ഫണ്ട് ചെയ്ത് നൽകുന്നത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മതിയായ രേഖപ്പെടുത്തൽ നടത്താത്തതിനാൽ റീഫണ്ട് ചെയ്ത് നൽകുന്ന തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 മരണപ്പെട്ട ഗുണഭോക്താവിന് പെൻഷൻ വിതരണം തുടരുന്നു

ചുവടെ ചേർക്കുന്ന ഡിസെബിലിറ്റി പെൻഷൻഗുണഭോക്താവ് മരണപ്പെട്ടിട്ടുള്ളതും പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടിയാൾക്ക് നിലവിലും പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. അനർഹമായി പെൻഷൻ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐ ഡി | ഗുണഭോക്താവിന്റെ പേരും വിലാസവും | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | വിതരണം ചെയ്ത തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1. | 104080400404 | കൊച്ചുമോൾ ബാബു, പാലനിൽക്കുന്നതിൽ വീട് , | 04/10/2020 | 11/2020-6/2023 | 50500 | 67160069686-(SBIN0070768-State Bank Of |

| | | | | | | |
|---|---|---|---|---|---|---|
| | | കരിം കുടുക്ക | | | | India) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/13.10.2023) മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ട ഗുണഭോക്താവിന്റെ അനന്തരാവകാശികളിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റ് നമ്പർ, പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 400000 | 254, ഞങ്ങളും കൃഷിയിലേയ്ക്ക് പച്ചക്കറികൃഷി വികസനം വനിത | 400000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 334980 | 252, വാഴകൃഷി വികസനം | 334980 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 100000 | 123, ലൈഫ് ഭവന നിർമ്മാണം(റ്റി എസ്സ് പി) | 100000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1200000 | 129, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 1200000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1460000 | 38, ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി. പി) | 1460000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 100000 | 35, ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 100000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 106963 | 341, 52-ാം അങ്കണവാടി സ്മാർട്ട് അങ്കണവാടിയാക്കൽ | 106963 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 110000 | 345, ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ | 110000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 200000 | 116, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 249999 | 19, അനുപൂരക പോഷകാഹാര പരിപാടി | 249999 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1485000 | 45, വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1485000 |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 600000 | 119, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | |
| ജില്ലാപ്പഞ്ചായത്ത് | 75000 | 31, ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്, ബത്ത നൽകൽ | 75000 |
| ജില്ലാപ്പഞ്ചായത്ത് | 200000 | 116, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 |
| ജില്ലാപ്പഞ്ചായത്ത് | 500000 | 19, അനുപൂരക പോഷകാഹാര പരിപാടി | 500000 |
| ജില്ലാപ്പഞ്ചായത്ത് | 780937 | 76, വിലങ്ങുപാറ കുടിവെള്ള പദ്ധതി പൂർത്തീകരണം | 780937 |
| ജില്ലാപ്പഞ്ചായത്ത് | 200000 | 119, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 2 | പ്രമാടം കുടിവെള്ള പദ്ധതിക്ക് പ്യൂരിഫയർ സ്ഥാപിക്കൽ | 1799868 | 0 | 1799868 |
| കേരളാ വാട്ടർ അതോറിറ്റി | 7 | എഴുമൺ തടത്തിൽ കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 398408 | 0 | 398408 |
| കേരളാ വാട്ടർ അതോറിറ്റി | 46 | വാർഡ് 6 - മുണ്ടയ്ക്കമുരുപ്പ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നവീകരണം | 321000 | 0 | 321000 |
| കേരളാ വാട്ടർ അതോറിറ്റി | 273 | എഴുണൺ തടത്തിൽ കോളനി കുടിവെള്ള പദ്ധതി | 396947 | 0 | 396947 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | ആകെ വായ്പാ തുക (തൻവർഷം എടുത്ത ലോൺതുക ഉൾപ്പെടെ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന | 9751387 | 1135387 | 4700000 | 2784005 | 3051375 |

| പദ്ധതി | | | | | |
|---|---|---|---|---|---|

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻ വർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 5000000 |

## 4-6 ഓഡിറ്റ് റിക്കവറിയിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഓഡിറ്റ് റിക്കവറിയിലൂടെ തുക ഈടാക്കിയതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | രസീത് നമ്പർ /തീയതി |
|---|---|---|---|
| 2020-21 | 1-11 | 3,869 | 1220101711 /15.07.2022 |
| 2020-21 | 1-11 | 6,200 | 1220101500 /30.06.2022 |
| 2020-21 | 1-18 | 250 | 1220101918 /06.08.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |
| 2015-16 | 2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | നടപടികൾ തുടരുന്നു. |
| 2019-20 | 1-16 | 2021-22 | കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതിലെ വരുമാന നഷ്ടം | നടപടികൾ തുടരുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം ( ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 192,131,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 182,443,369 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 231410 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 231410 | ശ്രീമതി. രചന വി, അസിസ്റ്റന്റ് എൻജിനീയർ |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രചന വി | അസിസ്റ്റന്റ് എൻജിനീയർ, ഇടമാട് ഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം<br>അരീപ്ളാച്ചി പി ഒ<br>അഞ്ചൽ<br>691333 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി2.603/05, തീയതി 04.01.2006 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2.251/2000, തീയതി 24.11.2001 | 3 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3/157/2008, തീയതി 27.03.2008 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/158/2008, തീയതി 27/03/2008 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി2-387/2005 തീയതി 01/10/2005 | 3 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/558/06, തീയതി 05.09.07 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി9/751/08, തീയതി 05.05.10 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി9/246/10, തീയതി 08.12.2010 | 11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി10/209/11, തീയതി 30.10.12 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി9.1112/12, | 3 |

| | | |
|---|---|---|
| മുതൽ 2010-11 വരെ | തീയതി 15.03.2014 | |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ-പി9-539/14, തീയതി 06.11.2014 | 6 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ-പി9-149/16, തീയതി 10.02.2016 | 10 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/1228/16, തീയതി 02.12.2016 | 4 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/954/2017, തീയതി 29.08.2017 | 4 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/1576/2018 തീയതി 05.01.2019 | 4 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.9/177/2020, തീയതി 07.05.2020 | 4 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.9/172/2022, തീയതി 16.03.2022 | 22 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.9/173/2022, തീയതി 31.03.22 | 18 |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.9/237/2023 തീയതി 30/03/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number Acc-3844/2023 dated 05-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the PRAMADOM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of PRAMADOM Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of PRAMADOM Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for Audit
2. Cash flow statement-Net increase/decrease in cash flow does not match with the difference between the OB and CB
3. Deposit register, advance register, loan register and investment register are not maintained.
4. Lapses in making timely and accurate demand entries in respect of tax and non tax revenue.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്